# വെള്ളിയാഴ്ച ഖുത്വ്ബ കേൾക്കലും നിർബന്ധമാണ്

يَا أَيُّهَا الَّذِينَ آمَنُوا إِذَا نُودِيَ لِلصَّلَاةِ مِن يَوْمِ
الْجُمُعَةِ فَاسْعَوْا إِلَىٰ ذِكْرِ اللَّهِ وَذَرُوا الْبَيْعَ ذَٰلِكُمْ
خَيْرٌ لَّكُمْ إِن كُنتُمْ تَعْلَمُونَ ﴿١٠﴾
فَإِذَا قُضِيَتِ الصَّلَاةُ فَانتَشِرُوا فِي الْأَرْضِ
وَابْتَغُوا مِن فَضْلِ اللَّهِ وَاذْكُرُوا اللَّهَ كَثِيرًا
لَّعَلَّكُمْ تُفْلِحُونَ ﴿١١﴾
وَإِذَا رَأَوْا تِجَارَةً أَوْ لَهْوًا انفَضُّوا إِلَيْهَا وَتَرَكُوكَ
قَائِمًا ۚ قُلْ مَا عِندَ اللَّهِ خَيْرٌ مِّنَ اللَّهْوِ وَمِنَ
التِّجَارَةِ ۚ وَاللَّهُ خَيْرُ الرَّازِقِينَ ﴿١٢﴾

**ഈ** റമളാനിലെ അവസാന ജുമുഅയാണ് ഇന്ന്. ഇൻശാഅല്ലാഹ് രണ്ടുമൂന്ന് ദിവസത്തിനുള്ളിൽ ഈ റമളാൻ മാസവും തീരുകയാണ്. തന്റെ കഴിവും ശക്തിയുമനുസരിച്ച് ഈ മാസത്തിൽ അല്ലാഹുവിന്റെ കല്പനകൾ പാലിച്ച് നടക്കാനും അവന്റെ സന്തോഷവും സ്നേഹവും തൃപ്തിയും കരസ്ഥമാക്കിയവരിൽ ഉൾപ്പെടാനും പരിശ്രമിച്ചവർ ഭാഗ്യവാന്മാരാണ്. ഞാൻ പറഞ്ഞതുപോലെ ഇനി രണ്ടുമൂന്ന് ദിവസം ബാക്കിയുണ്ട്. ഈ റമളാനിൽനിന്ന് പരിപൂർണ്ണമായും ഫലമെടുക്കാൻ ഇതുവരെ കഴിയാത്തവർക്ക് ബാക്കിയുള്ള ഈ ദിനങ്ങളിൽ സത്യഹൃദയത്തോടെ പരിശ്രമിക്കുകയാണെങ്കിൽ ദൈവാനുഗ്രഹങ്ങൾ സ്വരുക്കൂട്ടുന്നവരായിത്തീരാൻ സാധിക്കുന്നതാണ്. കാരണം സത്യസന്ധതയോടെ അവന്റെ വഴിയിൽ കഴിച്ചുകൂട്ടുന്ന ഒരു നിമിഷത്തിനുപോലും മനുഷ്യന്റെ മുഖഛായ മാറ്റാൻ കഴിയും. അല്ലാഹു തന്നിലേക്ക് വരുന്നവനെ മാതാപിതാക്കളേക്കാളധികം സ്നേഹിക്കുന്നവനാണ്. അവൻ തന്റെ ദാസനെ തന്നോട് ചേർത്തുപിടിക്കുമ്പോൾ, ആ ദാസൻ ആദ്യമുണ്ടായിരുന്ന ആളായിരിക്കുകയില്ല. സത്യസന്ധവും നിർമ്മലവുമായ ഒരു നിമിഷനേരത്തെ പ്രാർത്ഥന രണ്ട് കിഴക്കുകൾ തമ്മിൽ എത്ര ദൂരമുണ്ടോ അത്രയും ദൂരത്തിൽ ഒരു മനുഷ്യനെ തിന്മയിൽനിന്ന് ദൂരത്താക്കുന്നു. അല്ലാഹുവിന്റെ സത്തയോട് നിരാശയുടെ പ്രശ്നമേയുദിക്കുന്നില്ല. അല്ലാഹുവിനെ പ്രാപിക്കേണ്ട വഴിയിലൂടെ നടക്കേണ്ട ആവശ്യമേയുള്ളൂ. നബി(സ) തിരുമേനി മുഖേന അല്ലാഹു നമ്മെ പഠിപ്പിച്ചിട്ടുള്ള, അവനെ പ്രാപിക്കാനുള്ള രീതി മനസ്സിലാക്കേണ്ട ആവശ്യമേയുള്ളൂ. അതൊരുകാലമായിട്ട് മനുഷ്യൻ മറന്നുപോയിരുന്നു. അതിനെ വീണ്ടും ഹസ്റത്ത് മസീഹ് മൗഊദ്(അ) നമ്മുടെ മുമ്പിൽ സമർപ്പിച്ചു. ആ ഇമാമിനെ വിശ്വസിക്കുന്ന ഭാഗ്യവാന്മാരാണ് നമ്മൾ. ആ മഹാത്മാവ് ആ മറന്നുപോയ വഴികൾ ശുദ്ധമാക്കി ആ വഴിയിലേക്ക് നമ്മെ നയിച്ചു. നമ്മുടെ മനസ്സ് അടിച്ചുവൃത്തിയാക്കി. ഇന്ന് അനഹ്മദീസമൂഹം മുങ്ങിത്താണുകിടക്കുന്ന തെറ്റായ നിവേദനങ്ങളിൽനിന്നും അതുമുഖേന നമ്മുടെ മനസ്സിനെ പരിശുദ്ധവും പവിത്രവുമാക്കി. ഒരുപാട് തെറ്റായ കാര്യങ്ങൾ അവരിൽ വേരുപിടിച്ചുകഴിഞ്ഞിരിക്കുന്നു. അനാചാരങ്ങൾ കടന്നുകയറിയിരിക്കുന്നു. അതുകൊണ്ട് നബി(സ) തിരുമേനി മുഖേന അല്ലാഹു നൽകിയ ശരിയായ അധ്യാപനങ്ങളിൽനിന്ന് മൈലുകൾക്കപ്പുറത്തേക്ക് അവർ പോയിക്കഴിഞ്ഞിരിക്കുന്നു. അവയിലൊന്ന് ജുമുഅത്തുൽവിദായെ സംബന്ധിച്ച വിശ്വാസവുമാണ്. വിശുദ്ധഖുർആനിലോ തിരുഹദീസുകളിലോ ജുമുഅത്തുൽവിദായെക്കുറിച്ച് സങ്കല്പമേയില്ല. ജുമുആയുടെ പ്രാധാന്യത്തെക്കുറിച്ച് പറയുന്നുണ്ട്. അതിന് വളരെയധികം പ്രാധാന്യവുമുണ്ട്. അതിനെക്കുറിച്ച് ഞാനോതിയ ഖുർആനിക വചനങ്ങളുടേയും ചില ഹദീസുകളുടേയും അടിസ്ഥാനത്തിൽ പറയുന്നതാണ്. അതിനു മുമ്പേ അങ്ങേയറ്റം വ്യസനത്തോടെ പറയട്ടെ, കാലത്തിന്റെ ഇമാമിന് ബയ്അത്ത് ചെയ്തിട്ടും ചില അഹ്മദികളും ഈ സമൂഹത്തിന്റെ ദോഷത്തിനും അനാചാരത്തിനും ഇരയായിക്കൊണ്ട് ജുമുഅയുടെ പ്രാധാന്യത്തെ മറന്ന്, ജുമുഅത്തുൽവിദായുടെ സങ്കല്പം മനസ്സിൽവെച്ചുപുലർത്തുന്നു. അഹ്മദിയ്യത്തിന്റെ ഖലീഫമാർ ഈ സങ്കല്പത്തെ മനസ്സുകളിൽനിന്ന് അകറ്റുന്നതിനായി പല പ്രാവശ്യവും പറഞ്ഞിട്ടുണ്ട്. അത്തരക്കാർ ഇക്കാര്യത്തെക്കുറിച്ച് സമ്മതിച്ചാലും വേണ്ടില്ല സമ്മതിച്ചില്ലെങ്കിലും വേണ്ടില്ല, അവർ തങ്ങളുടെ സ്ഥിതികൊണ്ടും കർമ്മംകൊണ്ടും ഇത് പ്രകടിപ്പിക്കുന്നവരാണ്. പൊതുവെ വർഷംമുഴുവൻ പള്ളിയിൽ ജുമുഅയിലുണ്ടാകുന്ന ഹാജർനിലയെക്കാൾ റമളാൻ മാസത്തിൽ ഒരു പ്രത്യേക സാഹചര്യം കാരണത്താൽ കൂടുതൽ ഹാജർനില ഉണ്ടാകുന്നത് സ്വാഭാവികമാണ്. പക്ഷേ, റമളാനിലെ അവസാനത്തെ വെള്ളിയാഴ്ച ഈ ഹാജർനില റമളാനിലെ മറ്റു ജുമുഅകളെ അപേക്ഷിച്ച് വളരെയധികം കൂടുതലായിത്തീരുന്നു. ഇതിൽനിന്ന് ഇന്ന് ജനങ്ങ

ളുടെ ശ്രദ്ധ ഇതിലേക്ക് കൂടുതലാണെന്ന് വ്യക്തമാണ്. കേന്ദ്രത്തിലോ അല്ലെങ്കിൽ ഖലീഫ നമസ്കരിപ്പിക്കുന്ന സ്ഥലത്തോ ഈ ജുമുഅയിൽ ആളുകൾ കൂടുതൽ പങ്കെടുക്കാൻ ശ്രമിക്കുമെന്ന് പറഞ്ഞേക്കാം. അത് ശരിതന്നെയാണ്. പക്ഷേ, ജമാഅത്തുകൾ പരിശോധിക്കുകയാണെങ്കിൽ റമളാനിലെ അവസാനജുമുആയുടെ ഹാജർനില ഓരോ പള്ളിയിലും ആദ്യത്തേക്കാൾ കൂടുതലുണ്ടാകുന്നുവെന്ന് കാണാം. ഇത് വെളിപ്പെടുത്തുന്നത് റമളാന്റെ അവസാനത്തെ ജുമുആയിൽ പങ്കെടുക്കുക, ജുമുഅ നമസ്കരിക്കുക, പാപം പൊറുപ്പിക്കുക എന്നതാണ്. അല്ലാഹുതആല റമളാനിൽ ആദ്യത്തേക്കാൾ കൂടുതൽ മനുഷ്യരോട് ദയയോടുകൂടി പെരുമാറുന്നു എന്നത് ശരിതന്നെ. പക്ഷേ, അല്ലാഹുവിന്റെ ഈ പെരുമാറ്റം കാരണം അവൻ നൽകിയ പാഠമനുസരിച്ച് പ്രവർത്തിക്കാൻ മനുഷ്യനും കഴിയുന്നിടത്തോളം പരിശ്രമിക്കേണ്ടതാണ്. ഞാൻ പറഞ്ഞതുപോലെ അല്ലാഹു വിശുദ്ധഖുർആനിലും നബി(സ) തിരുമേനി വിവിധ സന്ദർഭങ്ങളിലും ജുമുഅ ദിവസത്തെ പ്രാധാന്യത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നു. എന്നാൽ, ജുമുഅത്തുൽവിദായ്ക്ക് എന്തെങ്കിലും പ്രാധാന്യമുള്ളതായി ഒന്നും പറഞ്ഞുകാണുന്നില്ല. എന്നല്ല, ഹസ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) പറയാറുണ്ടായിരുന്നു, റമളാന്റെ അവസാനത്തെ ജുമുആയിൽനിന്ന് നമുക്ക് കിട്ടുന്ന പാഠം നമ്മുടെ ഉള്ളിൽ പരിശുദ്ധമായ മാറ്റമുണ്ടാക്കിക്കൊണ്ട് ഈ ജുമുഅയിൽനിന്ന് റമളാനുശേഷം വരുന്ന ജുമുആകൾക്കുള്ള തയ്യാറെടുപ്പോടും അതിനെ സ്വാഗതം ചെയ്യാനുള്ള ഒരുക്കത്തോടുംകൂടി പുറത്തുവരിക എന്നതാണ്. പിന്നീട് വരുന്ന ഓരോ ജുമുആയും പുതിയതായി വരുന്ന ജുമുആയ്ക്കുള്ള തയ്യാറെടുപ്പായിക്കൊണ്ട് ആത്മീയതയിൽ അഭിവൃദ്ധിയ്ക്കുള്ള പുതിയ വഴി കാണിച്ചുകൊണ്ടുപോകുന്നതായി മാറണം. അങ്ങനെ നമ്മുടെയുള്ളിൽ ആത്മീയമായ വെളിച്ചത്തിന്റെ ദീപത്തിൽനിന്ന് ദീപം തെളിച്ചുകൊണ്ടേ പോകണം. ഈ പരമ്പര ഒരിക്കലും അവസാനിക്കാത്തതായി തീരണം. ഭാവിയിൽ വരുന്ന ഓരോ റമളാനും നമുക്ക് ആത്മീയതയുടെ പുതിയ വഴികൾ കാണിക്കുന്ന റമളാനായി മാറണം. പുതിയ നിലകളിലേക്ക് നയിക്കുന്ന റമളാനായിരിക്കണം. അതിന്റെ ലക്ഷണം ഓരോ നിമിഷവും നമ്മുടെ ജീവിതത്തിൽ കാണുകയും വേണം. നമ്മുടെ ഭാര്യാമക്കളിലും നമ്മുടെ ചുറ്റുപാടും അത് കാണുമാറാകണം.

ഞാൻ പറഞ്ഞതുപോലെ ജുമുആയുടെ പ്രാധാന്യം വിശുദ്ധഖുർആനിൽനിന്നും ഹദീസുകളിൽനിന്നും നമുക്ക് ലഭിക്കുന്നുണ്ട്. ആദ്യമായി അല്ലാഹു ഖുർആനിൽ ഇത് സംബന്ധമായി പറഞ്ഞ കല്പനകൾ ഞാൻ നിങ്ങളുടെ മുമ്പിൽ വെക്കുകയാണ്. ഞാൻ പാരായണം ചെയ്ത വചനങ്ങളിൽ അല്ലാഹു പറയുന്നു: "അല്ലയോ വിശ്വസിച്ചവരേ, വെള്ളിയാഴ്ച ദിവസത്തിന്റെ ഒരുഭാഗത്ത് നമസ്കാരത്തിനായി വിളിക്കപ്പെട്ടാൽ അല്ലാഹുവിനെ നമസ്കരിക്കുന്നതിലേക്ക് നിങ്ങൾ ധിറുതിപ്പെട്ട് പോകുകയും വ്യാപാരം നിർത്തിവെക്കുകയും ചെയ്യുക. ഇത് നിങ്ങൾ മനസ്സിലാക്കുന്നുവെങ്കിൽ നിങ്ങൾക്ക് ഗുണകരമാണ്. അടുത്തവചനത്തിൽ പറഞ്ഞു: "പിന്നെ നമസ്കാരം നിർവ്വഹിച്ചുകഴിഞ്ഞാൽ നിങ്ങൾ ഭൂമിയിൽ പരക്കുകയും അല്ലാഹുവിന്റെ അനുഗ്രഹത്തിൽനിന്ന് കുറച്ചന്വേഷിച്ചുകൊള്ളുകയും ചെയ്യുക. നിങ്ങൾ വിജയംപ്രാപിക്കുന്നതിനായി അല്ലാഹുവിനെ അധികമായി സ്മരിക്കുക. വീണ്ടും പറയുന്നു. "ഏതെങ്കിലും ഒരു കച്ചവടമോ വിനോദമോ കണ്ടാൽ അവർ അതിലേക്ക് ചിതറിപ്പിരിഞ്ഞുപോവുകയും നിന്നെ തനിച്ച് ഉപേക്ഷിക്കുകയും ചെയ്യുന്നു. നീ പറയുക. അല്ലാഹുവിന്റെ പക്കലുള്ളത് വിനോദത്തേക്കാളും കച്ചവടത്തേക്കാളും ഉത്തമമാണ്. അല്ലാഹു ഉപജീവനം നൽകുന്നവരിൽവെച്ചേറ്റവും ഉത്തമനാകുന്നു."(*62:10-12*)

എത്ര വ്യക്തമായ കല്പനയാണിതെന്ന് നോക്കുക. ഏത് ജുമുആയിലേക്കാണ് വിളിക്കുന്നതെന്ന കാര്യത്തിൽ സംശയത്തിന് ഒരിടവുമില്ല. ജുമുഅ ദിവസം ജുമുഅ നമസ്കാരത്തിനായി വിളിക്കപ്പെട്ടാൽ ഈ പ്രിയങ്കരമായ ദൈവസ്മരണയിലേക്ക് ധിറുതിയിൽ പോവുക. ജോലി കുറച്ചുംകൂടി ബാക്കിയുണ്ട്, അതുംകൂടി തീർത്തിട്ട് പോകാമെന്ന് ചിന്തിക്കരുത്. അധികവും ഇവിടെ കണ്ടുവരുന്നത് ഖുത്ബ ആരംഭിക്കുന്നതിന്റെ നേരത്ത് പള്ളിയുടെ പകുതിപോലും ആളുകളുണ്ടാവുകയില്ല എന്നതാണ്. പിന്നീട് മെല്ലെ, മെല്ലെ ആളുകൾ വരാൻ തുടങ്ങുന്നു. സ്ഥലം നിറഞ്ഞുനിറഞ്ഞു വരുന്നു. ഇവിടെ മാത്രമല്ല, മറ്റുലോകത്തും ഇതുതന്നെയാണ് അവസ്ഥ. എന്നല്ല, ചിലർ രണ്ടാമത്തെ ഖുത്ബ തുടങ്ങുന്ന നേരത്താണ് കയറിവരുന്നത്. ചിലർ ജോലിത്തിരക്കുകൊണ്ട് നിർബന്ധിതരാണ്. ചിലർക്ക് യാത്രയുടെ പ്രശ്നമുണ്ടാകാറുണ്ട്. എന്നാൽ, ചില ശീലക്കാരുമുണ്ട്. എത്രമാത്രം താമസിക്കാമോ അത്രമാത്രം താമസിച്ചുപോകാം എന്നാണവർ കരുതുന്നത്. നമസ്കാരത്തിൽ പങ്കെടുത്ത് ക്ഷണത്തിൽ മടങ്ങിവരണം എന്നതാണവരുടെ ലക്ഷ്യം. അല്ലെങ്കിൽ ഖുത്ബയുടെ അല്പഭാഗം കേട്ടേക്കാം. ഇതുമതിയായതാണെന്നവർ കരുതുന്നു. വാസ്തവത്തിൽ ഹദീസിൽ

വന്നിരിക്കുന്നു.

ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബികരീം(സ) പറഞ്ഞു: "ജുമുഅ ദിവസം പള്ളിയുടെ വാതിൽക്കൽ മലക്കുകൾ നില്ക്കുന്നു. ആദ്യം വരുന്നവരുടെ പേരുകൾ അവർ ആദ്യം എഴുതുന്നു. ആദ്യം വരുന്നവരുടെ ഉദാഹരണം ഒട്ടകത്തെ ബലി അറുത്ത ആളുടേതാണ്. പിന്നീട് വരുന്നയാൾ പശുവിനെ ബലി ചെയ്തയാൾക്ക് തുല്യനാണ്. പിന്നീട് വരുന്നയാൾ കൊമ്പുള്ള ഒരു മുട്ടനാടിനെ അറുത്തവനെപോലെയാണ്. പിന്നീട് വരുന്നയാൾ കോഴിയെ അറുത്ത് ദാനം ചെയ്തവനെപ്പോലെയാണ്. പിന്നീട് വരുന്നയാൾ കോഴിമുട്ട ദാനം ചെയ്തയാൾക്ക് തുല്യനാണ്. പിന്നീട് ഇമാം മിമ്പറിൽ സന്നിഹിതനായാൽ അവർ തങ്ങളുടെ രജിസ്റ്റർ അടച്ചുവെക്കുകയും ഉപദേശം കേൾക്കാൻ തുടങ്ങുകയും ചെയ്യുന്നു."

നോക്കുക, ജുമുആയിൽ പങ്കെടുക്കാൻ ധിറുതിപെട്ട് വേരണ്ടതിന്റെ പ്രാധാന്യം ഈ ഹദീസിൽനിന്ന് വ്യക്തമാണ്. ഞാൻ മുമ്പേയും പറഞ്ഞിട്ടുണ്ട്. ചിലയാളുകൾക്ക് ചില നിർബന്ധിത അവസ്ഥയുണ്ടാകാറുണ്ട്. പക്ഷേ, ജുമുആയ്ക്ക് കൃത്യസമയത്ത് പോകണമെന്ന് വിചാരമില്ലാത്ത നല്ലൊരുവിഭാഗം ആളുകളുണ്ട്. എന്റെ മുമ്പിൽ ഒരുപാടാളുകൾ ആദ്യത്തെ സഫ്ഫിൽ ഇരിക്കുന്നു. 90% മുഖങ്ങളും ആ പഴയയാളുകൾ തന്നെയാണ്. ഇന്നും അവർതന്നെയാണ് ഇരിക്കുന്നത്. ഇവരിൽ ചിലരെ എനിക്കറിയാം. അവരും ജോലി ചെയ്ത് ജീവിക്കുന്നവരാണ്. പൊതുവെ ഇവിടെ ആളുകൾ സ്വന്തമായി ജോലി ചെയ്യുന്നവരാണ്. ചിലർ ടാക്സി ഓടിക്കുന്നു, ചിലർ മറ്റു ജോലികൾ ചെയ്യുന്നു. പെട്ടെന്ന് വരുന്നവരും താമസിച്ചുവരുന്നവരും വരാത്തവരും എല്ലാം ഏകദേശം ഒരേതരത്തിലുള്ള ജോലി ചെയ്യുന്നവരാണ്. അപ്പോൾ ചിലർ കൃത്യസമയത്ത് എത്തിച്ചേരാതിരിക്കുക എന്നത് അവരുടെ ആത്മാവിന്റെ തന്ത്രമാണ്. സമയത്തുതന്നെ വന്നിരിക്കുന്നവരും തങ്ങളുടെ ജോലി ഉപേക്ഷിച്ചിട്ടാണല്ലോ വരുന്നത്. അതുകൊണ്ട് ജുമുഅ നമസ്കാരത്തിന് പെട്ടെന്ന് വരിക എന്ന അല്ലാഹുവിന്റെ കല്പന ഓർമ്മിക്കുക. തങ്ങളുടെ കച്ചവടവും ജോലിയുമെല്ലാം ആ സമയത്ത് നിർത്തിവെക്കുക. ഉപജീവനം നൽകുന്നവൻ അല്ലാഹുവാണെന്ന കാര്യം എപ്പോഴും ഓർമ്മവയ്ക്കുക. അവന്റെ കല്പനകളനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് പ്രത്യക്ഷത്തിൽ നഷ്ടം സഹിച്ചുകൊണ്ടാണെങ്കിലും ജുമുആ നമസ്കാരത്തിനായി വന്നാൽ നിങ്ങൾ ഏതൊരു നഷ്ടത്തെയാണോ ഭയപ്പെടുന്നത് അതുണ്ടാവുകയില്ല. അഥവാ എന്തെങ്കിലും കുറവ് വന്നാൽത്തന്നെ അക്കാരണത്താൽ അല്ലാഹു നിങ്ങളുടെ ചിന്തയ്ക്കതീതമായി മറ്റു മാർഗ്ഗങ്ങൾകൊണ്ട് നിങ്ങളെ അനുഗ്രഹിക്കുന്നതാണ്.

ജുമുആയിൽ നിങ്ങൾ കാണിക്കുന്ന മടിയും സൂക്ഷ്മതയില്ലായ്മയും നിങ്ങളുടെ അറിവില്ലായ്മയാണ്. ജുമുആയിൽ എത്രമാത്രം അനുഗ്രഹമുണ്ടെന്നും അല്ലാഹു എങ്ങനെയൊക്കെയാണ് കടാക്ഷിക്കുന്നതെന്നും നിങ്ങൾക്കറിവുണ്ടായിരുന്നെങ്കിൽ ഈ മടിയും അലസതയും നിങ്ങൾക്കൊരിക്കലും ഉണ്ടാകുമായിരുന്നില്ല. എന്നല്ല, എപ്പോഴും ഒട്ടകത്തിന്റേയോ പശുവിന്റേയോ ബലിക്ക് തുല്യമായ പ്രതിഫലം പറ്റണമെന്ന വിചാരം നിങ്ങൾക്കുണ്ടാകുമായിരുന്നു. ജുമുആയുടെ പ്രാധാന്യം ഓരോ അഹ്മദിയും തങ്ങളുടെ മുന്നിൽ എപ്പോഴും വെക്കേണ്ടതാണ്. ചെറിയ ചെറിയ ഒഴിവുകഴിവുകൾ തിരഞ്ഞുകണ്ടെത്തി അല്ലാഹുവിന്റെ കല്പനക്ക് വിരുദ്ധം പ്രവർത്തിക്കരുത്. ഈ ജുമുആയുടെ ഖുത്ബയും നമസ്കാരവും വരവും പോക്കും ഉൾപ്പെടെ ഒന്നര രണ്ട് മണിക്കൂർ നേരത്തെ കാര്യമേയുള്ളൂ. ചിലർ ഒരു ജോലിയുമെടുക്കാതെ വെറുതെ സമയം പാഴാക്കിക്കളയാറുണ്ട്.

ഹസ്റത്ത് ചൗദ്ദരി സഫറുല്ലാഹ്ഖാൻ സാഹിബ്(റ)ന്റെ ഒരു സംഭവം എനിക്കോർമ്മ വരുന്നു. പാശ്ചാത്യരാജ്യങ്ങളിലെവിടെയോ അന്യരുടെ ഒരു സദസ്സിൽ അദ്ദേഹത്തിന്റെ ഒരു പ്രഭാഷണം ഉണ്ടായിരുന്നു. അവിടെ ഇസ്ലാമിക ആരാധനാകർമ്മങ്ങളെക്കുറിച്ച് ചർച്ച നടക്കുകയായിരുന്നു. അതിൽ ജുമുആയും ചർച്ചാവിഷയമായി. അത് ആഴ്ചയുടെ അവസാനം വരുന്ന ഒരു നിർബന്ധ ആരാധനയാണ്. നിർബ്ബന്ധമായും അതനുഷ്ഠിക്കണമെന്ന് ദൈവകല്പനയുണ്ട്. ചിലരുടെ ദൃഷ്ടിയിൽ ഇത് വലിയൊരു ഭാരമാണ്. അദ്ദേഹം പറഞ്ഞു. ഇതിലെത്ര സമയം ചെലവാകാനാണ്. ആ ചെലവാകുന്ന സമയത്തെ അദ്ദേഹം ഇങ്ങനെ ഉദാഹരിച്ചു. ബ്രിജ് കളിക്കുന്നവരായ രണ്ടുപേർ തങ്ങളുടെ കളി അവസാനിപ്പിക്കുന്നതിന് എത്ര സമയമെടുക്കുമോ അതിനേക്കാൾ കുറച്ചു സമയമേ ജുമുആയ്ക്ക് വേണ്ടിവരികയുള്ളൂ. ഈ ബ്രിജ് കളി ചീട്ടുകളിയിൽപെട്ട ഒരുതരം കളിയാണ്. കളിതമാശകളിലേക്ക് മനുഷ്യന്റെ ശ്രദ്ധ പോകുന്നത് പെട്ടെന്നാണ്. എന്നാൽ ജുമുആയിലേക്ക് അത്തരം ശ്രദ്ധയുണ്ടാവുകയില്ല. ഭൗതികരായ ആളുകൾക്ക് കാര്യം മനസ്സിലാക്കിക്കൊടുക്കാനാണ് അദ്ദേഹം ഈ ഉദാഹരണം എടുത്തുപറഞ്ഞത്. അതുപോലെ മറ്റ് നിരർത്ഥകമായ കളികളുമുണ്ട്. ചിലർ വെറുതെ വാചകമടിച്ച്

സമയം പാഴാക്കിക്കളയുന്നു. ജുമുആയിൽ വരാൻ അവർക്ക് ചിന്തിക്കണംപോലും! ഇത്രസമയം വേണം, ഇന്നപ്പോൾ പോകണം, ഇത്ര സമയം ഇരിക്കേണ്ടി വരും, ഖുത്ബ ദീർഘിച്ചാൽ എന്തുചെയ്യും, ഇതൊക്കെയാണ് അവരുടെ ചിന്താഗതി. ജമാഅത്തിന്റെ മേൽ അല്ലാഹുവിന്റെ അനുഗ്രഹമെന്നു പറയട്ടെ ഭാര്യാഭർത്താക്കന്മാരിൽ ആരെങ്കിലുമൊരാൾ നന്മയിലേക്ക് ചായുന്നവരായിരിക്കും. ചില സ്ത്രീകളും പെൺകുട്ടികളും തങ്ങളുടെ ഭർത്താക്കന്മാർക്കു വേണ്ടി വളരെ വേദനയോടെ പ്രാർത്ഥനയ്ക്ക് എഴുതാറുണ്ട്. ഭർത്താവിന് ജുമുആ നമസ്കാരത്തിൽ പങ്കെടുക്കുന്ന ശീലമില്ല. ആ ശീലമുണ്ടാകാൻ വേണ്ടി ദുആ ചെയ്യുക എന്ന് അവരെഴുതി അറിയിക്കുന്നു. അവർ പറയുന്നു എന്തെങ്കിലുമൊക്കെ ഒഴിവുകഴിവ് പറഞ്ഞ് ജുമുആ പാഴാക്കിക്കളയുകയാണ്. അനുവദനീയമായ കാരണമൊന്നുമുണ്ടാവില്ല.

ജുമുആ പാഴാക്കിക്കളയുന്നവരെ സംബന്ധിച്ച് ഒരു ഹദീസിൽ വന്നിരിക്കുന്നു. ഈ ഹദീസിൽ ജുമുആ നമസ്കരിക്കാത്തവരിൽ അല്ലാഹുവിന്റെ വെറുപ്പ് ഉണ്ടാകുന്നതിനെക്കുറിച്ച് പറഞ്ഞിരിക്കുന്നു. ഹസ്റത്ത് അബൂജഹദ് സംരീ നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: “ആരാണോ മടികൊണ്ട് തുടർച്ചയായി മൂന്ന് ജുമുആ ഉപേക്ഷിക്കുന്നത് അല്ലാഹു അവന്റെ ഹൃദയത്തിൽ മുദ്ര വെക്കുന്നതാണ്.” നോക്കുക, എത്രമാത്രം വലിയ ഭീഷണിയാണിത്. ജുമുആ ഉപേക്ഷിക്കുന്നതുകൊണ്ട് എത്ര ഭയാനകമായ ഫലമാണ് പ്രകടമാകുന്നത്. അത്തരക്കാരുടെ ഹൃദയത്തെത്തന്നെ അല്ലാഹു അടച്ചുകളയുന്നു. ഇതുണ്ടാകുന്നത് അവരുടെതന്നെ ചെയ്തികൾ കൊണ്ടും ജുമുഅ അനുഷ്ഠാനത്തിലുണ്ടാകുന്ന അശ്രദ്ധ കൊണ്ടുമാണ്.

ഇവിടെ മൂന്ന് ജുമുആ ഉപേക്ഷിച്ചതിനാണ് താക്കീത് നൽകപ്പെട്ടിരിക്കുന്നത്. റമളാനിലെ അവസാനത്തെ ജുമുആ ഉപേക്ഷിക്കുന്നതിനെക്കുറിച്ച് ഇവിടെ പറഞ്ഞിട്ടില്ല. ആരാണോ മൂന്ന് ജുമുആ തുടർച്ചയായി ഉപേക്ഷിക്കുന്നത് അവന്റെ ഹൃദയം കഠിനമായിത്തീരുന്നു. അവന്റെ ഹൃദയത്തിന് മുദ്ര വെക്കുന്നു. അതുകൊണ്ടുതന്നെ ജുമുആയുടെ പ്രാധാന്യം എപ്പോഴും നാം മുന്നിൽ കാണേണ്ടതാണ്. ഇതിനു പുറമെ എല്ലാത്തരം ആരാധനാകർമ്മങ്ങളേയും ജീവിപ്പിച്ചുനിർത്താൻ ശ്രമിക്കേണ്ടതാണ്- എല്ലാം പൊറുക്കുന്നവനായ അല്ലാഹുവിനെക്കൊണ്ട് തന്റെ പാപങ്ങൾ പൊറുപ്പിക്കുന്നതിനുവേണ്ടി.

ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു. “വൻപാപങ്ങളിൽനിന്ന് അകന്നുനിന്നാൽ അഞ്ച് സമയങ്ങളിലെ നമസ്കാരങ്ങളും ഒരു ജുമുഅ അടുത്ത ജുമുആവരേയും ഒരു റമളാൻ അടുത്ത റമളാൻ വരേയുമുള്ള പാപങ്ങളെ പൊറുപ്പിക്കുന്നതാകുന്നു.”

അതായത്, വലിയ വലിയ പാപങ്ങളിൽനിന്ന് മനുഷ്യൻ അകന്നുനിന്നാൽ തന്റെ ദാസൻ തന്റെ തൃപ്തി കരസ്ഥമാക്കുന്നതിനായി നമസ്കാരത്തിലേക്ക് ശ്രദ്ധ തിരിക്കുകയും ജുമുആയിൽ കൃത്യനിഷ്ഠ പാലിക്കുകയും റമളാനിലെ നോമ്പ് പിടിക്കുകയും ചെയ്യുമ്പോൾ ചെറിയതും വലിയതുമായ തെറ്റുകളിൽനിന്നും പാപങ്ങളിൽനിന്നും അല്ലാഹു അവരെ അകറ്റുന്നു.

പിന്നീട് ആഴ്ചയിൽ ചെയ്യുന്ന തെറ്റുകൾ ഓരോ ജുമുആയിലും മാപ്പാക്കുന്നു. ഇപ്രകാരം വർഷത്തിൽ ചെയ്യുന്ന തെറ്റുകൾ പൊറുക്കുന്നതിനായി റമളാനിൽ പാപപ്പൊറുതിക്കുള്ള വാതിൽ അല്ലാഹു തുറക്കുന്നു. മാപ്പ് കൊടുക്കുന്നു.

ഇവിടെ ജുമുആയെക്കുറിച്ചോ ജുമുഅത്തുൽവിദായെക്കുറിച്ചോ അല്ല. മറിച്ച്, നിത്യവുമുള്ള നമസ്കാരവും അനുഷ്ഠിക്കേണ്ടത് നിർബന്ധമാണെന്ന് പറഞ്ഞിരിക്കുന്നു. ഓരോ ജുമുആയും നിർബന്ധമാണ്. അതിലേക്ക് ശ്രദ്ധിക്കേണ്ടത് ആവശ്യമാണ്. ചിലയാളുകൾ കരുതുന്നതുപോലെ, ‘ഖളായെ ഉംരി’ നമസ്കരിച്ചാൽ പാപം പൊറുക്കുന്നതാണെന്ന് എഴുതിയിട്ടില്ല. ഇപ്രകാരംതന്നെ ജുമുഅത്തുൽ വിദാ നമസ്കരിച്ചാൽ പാപങ്ങളെല്ലാം പൊറുക്കപ്പെടുമെന്നും എഴുതിയിട്ടില്ല. ഓരോ ജുമുആയും അടുത്ത ജുമുആവരെ തെറ്റുകളുടെ പ്രായശ്ചിത്തമായിത്തീരുന്നു. പിന്നീട് ഞാൻ പറഞ്ഞതുപോലെ, ജുമുആയ്ക്ക് വരികയും തിരിച്ചുപോവുകയും ഖുത്ബ കേൾക്കുകയും ചെയ്യുന്നത് അധികവും അടുത്തുള്ളവരാണ്. ഇവർക്കേറിയാൽ ഇതിനെല്ലാത്തിനും കൂടി ഒന്നരരണ്ട് മണിക്കൂറേ വേണ്ടിവരികയുള്ളൂ. അല്ലാഹു പറയുന്നു. ഇത് വളരെ കുറഞ്ഞ സമയമാണ്. ജുമുആ നമസ്കരിച്ചുകഴിഞ്ഞാൽ നിങ്ങൾ നിങ്ങളുടെ തൊഴിലിലേക്ക് പൊയ്ക്കൊള്ളുക. ഭൗതികജോലികളെല്ലാം ചെയ്തുകൊള്ളുക. അല്ലാഹുവിന്റെ അനുഗ്രഹം അന്വേഷിക്കുകയും ചെയ്യുക. അല്ലാഹുതആല ഈ ഭൗതികാനുഗ്രഹങ്ങളും ശരിയായ നിലയിലുള്ള വ്യവസായങ്ങളും നിങ്ങൾക്ക് നൽകിയിട്ടുള്ളത് അതിൽനിന്ന് ഫലമെടുക്കാനാണ്. അതുകൊണ്ട് ആ അനുഗ്രഹത്തിൽനിന്ന് ഫലമെടുക്കുക. ഇതിൽ അനുവദനീയമല്ലാത്ത വ്യവസായങ്ങളിൽനിന്നും വഞ്ചനാത്മകമായ വ്യവസായങ്ങളിൽനിന്നും അകന്നുനിൽക്കണമെന്ന സൂചനയുമുണ്ട്. കാരണം അല്ലാഹു വിരോധിച്ചിട്ടുള്ള

കാര്യങ്ങളിൽനിന്ന് രക്ഷപ്പെട്ടതിനുശേഷമേ അവന്റെ അനുഗ്രഹത്തിന് അവകാശികളാകാൻ പറ്റുകയുള്ളൂ. വഞ്ചന കാണിച്ചുകൊണ്ട് അതിനവകാശികളാകാൻ പറ്റുകയില്ല. അതിനാൽ നിങ്ങളുടെ ഉദ്യോഗങ്ങളിലും നിങ്ങളുടെ വ്യവസായങ്ങളിലും അനുവദനീയവും അനുവദനീയമല്ലാത്ത കാര്യങ്ങളുടെ വ്യത്യാസവും നിങ്ങളുടെ മുമ്പിൽ എപ്പോഴും ഉണ്ടായിരിക്കണം. അല്ലാതെ അനുവദനീയമല്ലാത്തതുമായ വ്യവസായങ്ങൾ നടത്തി കറുത്തപണം സമ്പാദിച്ച് സ്മഗ്ലിംഗ് ചെയ്ത് ഹജ്ജിന് പോവുക എന്നതല്ല. എന്നിട്ട് തങ്ങൾ പരിശുദ്ധരായെന്നും ചെയ്ത വൻപാപങ്ങളൊക്കെ പൊറുക്കപ്പെട്ടുവെന്നും സ്വയമങ്ങ് കരുതുക. ജുമുആ പ്രായശ്ചിത്തമാണെന്ന് ഞാൻ പറഞ്ഞ ഹദീസിൽ പറഞ്ഞിരിക്കുന്നു. പ്രായശ്ചിത്തമായിത്തീരുന്നത് മനുഷ്യൻ വൻപാപങ്ങളിൽനിന്നകലുമ്പോഴാണ്. ഈ വചനത്തിൽ അതിൽനിന്ന് രക്ഷപ്പെടാനുള്ള ഒരു മാർഗ്ഗം ദൈവസ്മരണയാണെന്നും പറഞ്ഞിരിക്കുന്നു. ദൈവസ്മരണ ചെയ്യുന്നവർ അല്ലാഹുവിനെ ഭയക്കുന്നതാണ്. അവർ അനുവദനീയമല്ലാത്ത ഒരു പ്രവൃത്തിയും ചെയ്യുകയില്ല. അതുകൊണ്ടാണ് അത്തരം ദൈവസ്മരണ നിങ്ങളുടെ മനസ്സിന് ശാന്തി പകരുന്നത്. അനുവദനീയമല്ലാത്ത സമ്പാദനത്തിലേക്കും വ്യവസായത്തിലേക്കും നിങ്ങളുടെ ശ്രദ്ധയുണ്ടാവുകയുമില്ല. ഉള്ളതുകൊണ്ട് ജീവിക്കണമെന്ന ബോധമുണ്ടാവുകയും ചെയ്യും. പിന്നീട് ഈ ദൈവസ്മരണ നമ്മുടെ ശ്രദ്ധയെ വേറൊന്നിലേക്കും കൊണ്ടുപോകുന്നു. അതായത് നമസ്കാരം കഴിഞ്ഞാൽ പിന്നെ ഒട്ടും അവധിയില്ല. അതിന് ശേഷം അസർ നമസ്കാരമുണ്ട്, മഗ്രിബ്, ഇശാ നമസ്കാരങ്ങളുമുണ്ട്. ഈ പരമ്പര ഇതുപോലെ നടന്നുപോകേണ്ടതാണ്. ഈ ഭാഗത്തേക്കും ഓരോരുത്തർക്കും ശ്രദ്ധയുണ്ടായിരിക്കണം. അങ്ങനെ ഈ ദൈവസ്മരണ മുഖേന ദൈവാനുഗ്രഹം വർദ്ധിച്ചുകൊണ്ടേപോകും. ചെറുതും വലുതുമായ തെറ്റുകൾക്കും വീഴ്ചകൾക്കും പ്രായശ്ചിത്തവും ഉണ്ടായിക്കൊണ്ടിരിക്കും. അതിനാൽ എപ്പോഴും ദൈവസ്മരണയിലേക്ക് ശ്രദ്ധ പതിപ്പിക്കുക. അടുത്തവചനത്തിൽ പറഞ്ഞു:

"ആരുടെ മനസ്സാണോ എപ്പോഴും ഭൗതികവസ്തുക്കളിലേക്ക് ചാഞ്ഞുകൊണ്ടിരിക്കുന്നത് അവർ അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുന്നവരല്ല. അവർക്ക് അല്ലാഹുവിന്റെ അനുഗ്രഹം കരസ്ഥമാക്കാനുള്ള ജ്ഞാനമോ അറിവോ ഇല്ല. അവർ തങ്ങളുടെ കച്ചവടത്തെയും വ്യവസായങ്ങളെയും തന്നെയാണ് തങ്ങളുടെ ദൈവമാക്കി വെച്ചിരിക്കുന്നത്. ആരാധനകൾക്ക് പകരം കളിതമാശകളിലാണ് അവർക്ക് കൂടുതൽ താൽപര്യം." ഞാൻ പറഞ്ഞതുപോലെ, ചീട്ട് കളിക്കുന്നവർ മണിക്കൂറുകളോളം കളിച്ചുകൊണ്ടിരുന്നാലും സമയം പാഴായിപ്പോകുന്നുവെന്ന ബോധം അവർക്കുണ്ടാവുകയില്ല. പറഞ്ഞു: ആരുടെ മനസ്സാണോ വിശ്വാസശൂന്യമായിരിക്കുന്നത് അല്ലെങ്കിൽ ഈമാനുണ്ടെന്ന് ആരാണോ പറഞ്ഞുനടക്കുന്നത് അവർ ആരാധനാകർമ്മങ്ങളിലേക്ക് ശ്രദ്ധിക്കുന്നവരോ ത്യാഗം ചെയ്യുന്നവരോ അല്ല. നബി(സ) തിരുമേനിയുടെ കാലത്ത് സ്വഹാബിമാർ ത്യാഗങ്ങൾ ചെയ്യുന്നവരായിരുന്നു. അല്പം ചില കപടവിശ്വാസികളൊഴികെ എല്ലാ സഹാബിമാരും തങ്ങളുടെ ധനവും ജീവനും മാനവും സമയവും ഇസ്‌ലാമിനുവേണ്ടി ബലിയർപ്പിച്ചവരായിരുന്നു. എന്നാൽ കപടവിശ്വാസികൾ തങ്ങളുടെ ജീവൻ രക്ഷപ്പെടുത്താനാണ് ശ്രമിച്ചത്. അവരെക്കുറിച്ച് അല്ലാഹു പറഞ്ഞിട്ടുമുണ്ട്.

അതിനാൽ ഈ കച്ചവടത്തിലേക്കും കളിതമാശകളിലേക്കും ശ്രദ്ധിക്കുന്നവർ ഇക്കാലത്തുള്ളവരാണ്. വിവിധ രീതികളിലും വിവിധ താല്പര്യങ്ങളിലും മുഴുകി ശയ്ത്വാനെ തങ്ങളിലേക്ക് അവർ വിളിക്കുന്നു. ഇതിനുള്ള സാധനസാമഗ്രികളും അതിരില്ലാത്തവണ്ണം ഇന്ന് സുലഭമാണ്. ഇക്കാലഘട്ടത്തിൽ ഈ രീതിയിൽ സുറഃജുമുആയിൽ മസീഹ് മൗഊദ്(അ)ന്റെ ആഗമനത്തെക്കുറിച്ചും പറഞ്ഞിരിക്കുന്നു. കളിതമാശകളിലും കച്ചവടത്തിലും മുഴുകിയിരിക്കുന്ന ഇക്കൂട്ടർ മസീഹ് മൗഊദ്(അ)ന്റെ വിളി കേൾക്കുന്നില്ല. അല്ലാഹുവിന്റെ സന്ദേശം കേൾക്കാനും അവർ തയ്യാറല്ല. അവരെക്കുറിച്ചാണ് ഈ അദ്ധ്യായത്തിൽ പറയുന്നത്. എന്നാൽ മസീഹ് മൗഊദ്(അ)നെ വിശ്വസിച്ച ശരിയായ സത്യവിശ്വാസികൾക്കുള്ള കല്പന, നിങ്ങളുടെ ജോലി, ആരാധനകളെ ജീവിപ്പിച്ച് നിറുത്തണമെന്നതാണ്. അല്ലാഹുവിന്റെ സ്മരണയാൽ നിങ്ങളുടെ നാവുകളെ എപ്പോഴും നനവുള്ളതാക്കി നിർത്തണം. മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുക എന്ന സമ്മാനം കരസ്ഥമാക്കിയിട്ടും ദൈവസ്മരണയിലേക്ക് ശ്രദ്ധിക്കുന്നില്ലെങ്കിൽ ഓർമ്മിച്ചുകൊള്ളുക, അല്ലാഹുവിനും അവന്റെ റസൂലിനും മസീഹ് മൗഊദ്(അ)നും ഒരു നഷ്ടവും വരുത്താൻ നിങ്ങൾക്ക് കഴിയുകയില്ല. കാരണം നിങ്ങളുടെ ബയ്അത്തിൽ അവർക്ക് ഒരു താൽപര്യവുമില്ല. എന്തുകൊണ്ടെന്നാൽ നിങ്ങൾ കരസ്ഥമാക്കുന്ന എല്ലാതരം അനുഭവങ്ങളുടേയും ഉറവിടം അല്ലാഹുവിന്റെ അസ്തിത്വമാണ്. സർവ്വവിധ ജീവിതവിഭവവും അവനിൽനിന്നാണ് വരുന്നത്. അല്ലാഹുവിന്റെ പക്കലുള്ള അനുഗ്രഹങ്ങൾ, മനസ്സിനെ കോരിത്തരിപ്പിക്കുന്ന വസ്തുക്കളെക്കാളും, കച്ചവടത്തേക്കാളും ഒരുപാട് ഉത്തമ

മാണ്. അല്ലാഹുവിലേക്ക് മടങ്ങുന്നില്ലെങ്കിൽ ഈ അനുഗ്രഹങ്ങളും തടയപ്പെടും. അല്ലാഹുതആല ഓരോ അഹ്മദിക്കും ഇക്കാര്യം മനസ്സിലാക്കിക്കൊണ്ട് എപ്പോഴും അവന്റെ അനുഗ്രഹങ്ങളെ ആകർഷിച്ചെടുക്കാൻ സൗഭാഗ്യം നല്കുമാറാകട്ടെ. അവന്റെ കല്പനകളെ അവഗണിക്കുന്നവരായി തീരാതിരിക്കട്ടെ. ഒരു ഹദീസിൽ വന്നിരിക്കുന്നു

ഹസ്റത്ത് ജാബിർ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: "അല്ലാഹുവിലും പുനരുത്ഥാന നാളിലും വിശ്വസിക്കുന്ന ഓരോരുത്തർക്കും വെള്ളിയാഴ്ച ദിവസം ജുമുഅ അനുഷ്ഠിക്കൽ നിർബന്ധമാക്കപ്പെട്ടിരിക്കുന്നു- രോഗികളും യാത്രക്കാരും സ്ത്രീകളും കുട്ടികളും അടിമകളും ഒഴികെ. ആരാണോ കളിതമാശകളും കച്ചവടങ്ങളും കാരണത്താൽ ജുമുആയെ അവഗണിച്ചത് അല്ലാഹു അവനേയും അവഗണിച്ചുകളയുന്നതാണ്. തീർച്ചയായും അല്ലാഹു പരാശ്രയരഹിതനും സ്തുത്യർഹനുമാണ്.

അതിനാൽ, അതീവചിന്തയോടെ ജുമുഅ അനുഷ്ഠിക്കേണ്ടതാണ്. ഈ ഹദീസിൽ ഒഴിച്ചു നിർത്തിയിട്ടുള്ളവർ, അതായത് രോഗികൾക്ക് ചില നിർബന്ധിതാവസ്ഥയുണ്ടാകും. അതുകൊണ്ടവർക്ക് വരാൻ പറ്റുകയില്ല. ചിലപ്പോൾ യാത്ര ചെയ്യാൻ മനുഷ്യൻ നിർബന്ധിതനാകുന്നു. അതുകൊണ്ട് യാത്രക്കാരെക്കുറിച്ചും പറഞ്ഞു. പക്ഷേ, കാരണമൊന്നുമില്ലാതെ മനഃപൂർവ്വം ജുമുആ ദിവസം യാത്രചെയ്യുന്നവർ അത്തരം പ്രവൃത്തികളിൽനിന്ന് പിന്തിരിയേണ്ടതാണ്. അതുകൊണ്ടാണ് നബി(സ) തിരുമേനി വ്യാഴാഴ്ച യാത്ര പുറപ്പെടുന്നത് ഇഷ്ടപ്പെട്ടിരുന്നത്; ജുമുആക്ക് മുമ്പേ എത്തേണ്ട സ്ഥലത്ത് എത്തിച്ചേരാൻ.

ഇപ്രകാരം സ്ത്രീകൾക്ക് ജുമുആയ്ക്ക് വരൽ നിർബന്ധമല്ല. എന്നാൽ, അറിവും ബോധവുമുള്ള സ്ത്രീകൾ ഏതവസ്ഥയിലും പെരുന്നാളിന് വരേണ്ടത് നിർബന്ധമാണ്. പക്ഷേ, ജുമുആ നമസ്കാരത്തിന് വരുന്നത് അവർക്ക് നിർബന്ധമല്ല. അതിനവർക്ക് ഒഴിവുണ്ട്. ഇപ്രകാരംതന്നെ അടിമകൾക്കും നിർബന്ധിതാവസ്ഥയുണ്ടാകും. അതുകൊണ്ട് അവർക്കും ഒഴിവ് നൽകിയിരിക്കുന്നു. അവർക്കതിൽ കുറ്റമൊന്നുമില്ല.

ജുമുആയുടെ പ്രാധാന്യം വിശദീകരിച്ചുകൊണ്ട് നബി(സ) തിരമേനി പറഞ്ഞു. ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. "നബി(സ) തിരുമേനി വെള്ളിയാഴ്ച ദിവസത്തെക്കുറിച്ച് പ്രശംസിച്ചുകൊണ്ട് പറഞ്ഞു, ആ ദിവസത്തിൽ ഒരു സമയമുണ്ട്. തന്റെ ആവശ്യങ്ങൾക്കു വേണ്ടി പ്രാർത്ഥിച്ച് നമസ്കരിച്ചുകൊണ്ടിരിക്കെ മുസ്ലിമായ ഒരടിമയും അതുമായി എത്തിമുട്ടുകയില്ല; അവന്റെ ആവശ്യം അല്ലാഹു നിറവേറ്റിക്കൊടുത്തിട്ടല്ലാതെ." ഹദീസിലെ വാക്കുകൾ ***വ ഹുവ ഖായിമുൻ യുസല്ലി*** എന്നാണ്. ഈ ഹദീസിന് വ്യാഖ്യാനം നൽകുന്നയാളുകൾ പറയുന്നത് നമസ്കരിച്ചുകൊണ്ടിരിക്കുന്ന ഘട്ടത്തിൽ മാത്രമല്ല, പ്രത്യുത ഖുത്ബ ജുമുആയും ഇതിൽ ഉൾപ്പെടുന്നുവെന്നാണ്. അത് വളരെ കുറഞ്ഞ സമയമാണെന്ന് നബി(സ) കൈകൊണ്ട് ആംഗ്യം കാണിച്ചു. അതിനാൽ ഈ അവസരം ഓരോരുത്തരും മുതലാക്കേണ്ടതാണ്. സ്വന്തം ആവശ്യത്തിനുവേണ്ടി പ്രാർത്ഥിക്കുന്നതോടൊപ്പം ജമാഅത്തിനുവേണ്ടിയും പ്രാർത്ഥിക്കുക. ഈ സമയം എപ്പോഴാണ് വരുന്നതെന്ന് ആർക്കും അറിയുകയില്ല. അതുകൊണ്ട് ആദ്യസമയത്തുതന്നെ പള്ളിയിൽ വരാൻ ശ്രമിക്കേണ്ടതാണ്. ജുമുആ ഖുത്ബ നമസ്കാരത്തിന്റെ ഭാഗമാണെന്ന കാര്യം സ്പഷ്ടമാണ്.

ഹസ്റത്ത് മസീഹ് മൗഊദ്(അ) ജുമുആയുടെ പ്രാധാന്യത്തെക്കുറിച്ച് ജുമുആയ്ക്ക് അവധി നൽകണമെന്ന് ആവശ്യപ്പെട്ട് വൈസ്രോയിക്ക് അയച്ചുകൊടുത്ത ഒരഭ്യർത്ഥനയിൽ പറയുന്നു: "ജുമുആ ദിവസം ഇസ്ലാമികമായ ഒരു മഹത്തായ ആഘോഷമാണ്. വിശുദ്ധഖുർആനിൽ ഈ ദിവസത്തെ പ്രത്യേകപ്പെടുത്തി ഒഴിവു ദിവസമെന്ന് പറഞ്ഞിരിക്കുന്നു. ഒരദ്ധ്യായം തന്നെ ഇതിനെക്കുറിച്ച് വിശുദ്ധഖുർആനിൽ ഉണ്ട്. ഇതിന്റെ പേര് സൂറത്തുൽ ജുമുഅ എന്നാണ്. ജുമുആയ്ക്കായി ബാങ്കുകൊടുത്താൽ നിങ്ങൾ ഭൗതികമായ എല്ലാ കാര്യങ്ങളും നിർത്തിവെക്കാനും പള്ളിയിൽ ഒത്തുചേരാനും കല്പിച്ചിരിക്കുന്നു. ജുമുആ നമസ്കാരം അതിന്റെ എല്ലാ നിബന്ധനയോടുംകൂടി അനുഷ്ഠിക്കുക. ആരാണോ ഇങ്ങനെ പ്രവർത്തിക്കാത്തത് അവൻ വലിയ പാപിയാണ്. അടുത്തുതന്നെ അവൻ ഇസ്ലാമിൽനിന്ന് പുറത്തുപോകാനിടയുണ്ട്. ജുമുആ നമസ്കരിക്കാനും ഖുത്ബ കേൾക്കാനും എത്രമാത്രം വിശുദ്ധഖുർആനിൽ താക്കിത് ചെയ്തിട്ടുണ്ടോ അത്രത്തോളം പെരുന്നാളിനെക്കുറിച്ച് പറഞ്ഞിട്ടില്ല.

ഇനി ഞാൻ കഴിഞ്ഞഖുത്ബയിലെ വിഷയത്തിലേക്ക് കടന്നുകൊണ്ട് ഇന്നും ചില പ്രാർത്ഥനകൾ നിങ്ങളുടെ മുമ്പിൽ വെക്കുകയാണ്. ജുമുആയിൽ ഒരു പ്രത്യേക സമയമുണ്ടെന്ന് ഹദീസിൽ പറഞ്ഞത് നാം കേട്ടുകഴിഞ്ഞു. അതിനെ നാം പ്രയോജനപ്പെടുത്തണം. അല്ലാഹു പഠിപ്പിച്ച ഒരു ദുആ ഇങ്ങനെയാണ്. സമൂഹം അഴുക്കുകളിൽ മുങ്ങിക്കിടക്കുന്ന ഇക്കാലത്ത് ഈ പ്രാർത്ഥനയ്ക്ക് വളരെ പ്രസക്തിയുണ്ട്. ***റബ്ബിൻസുർനീ അലൽ ഖൗമിൻ***

***മുഫ്സിദീൻ*** എന്റെ നാഥാ! നാശകാരികളായ ജനതയ്ക്കെതിരായി എന്നെ നീ സഹായിക്കേണമേ.(*29:31*) ഞാൻ പറഞ്ഞതുപോലെ ഈയിടെ ലോകം എല്ലാത്തരം തിന്മകളിലും അകപ്പെട്ടിരിക്കുകയാണ്. ഇക്കാരണത്താൽ നാശങ്ങൾ പരന്നുപിടിച്ചിരിക്കുന്നു. ഈ കലിതമാശകൾ മുസ്ലിംകളെന്നു പറയുന്നവരേയും തങ്ങളുടെ വരുതിയിലാക്കിയിരിക്കുന്നു. ഇക്കാരണത്താൽ അവർ വാഗ്ദത്ത മസീഹിനെ നിഷേധിക്കുന്നവരായി തീർന്നിരിക്കുകയാണ്. സൂറഃ ജുമുഅയിലെ അവസാനത്തെ വചനം ഇതിലേക്കാണ് സൂചന നൽകുന്നത്. ദുൻയാവിലെ കണ്ണഞ്ചിപ്പിക്കുന്ന വസ്തുക്കൾ കാരണത്താൽ നിങ്ങൾ അല്ലാഹുവിനെ മറന്നുകളഞ്ഞു. കാലത്തിന്റെ ഇമാമിനെ സഹായിക്കേണ്ടതിന് പകരം ഇക്കാരണത്താൽ നിങ്ങൾ ഒരു ഭാഗത്തേക്ക് തെന്നിമാറി. അതുകൊണ്ട് നിലവിലുള്ള തിന്മയിൽനിന്ന് രക്ഷപ്പെടാൻ പ്രയാസമാണ്. യാത്രാസൗകര്യങ്ങൾകൂടി, സാറ്റ്ലൈറ്റ് സംവിധാനത്തിലൂടെ ലോകം മുഴുവൻ ഒന്നായിക്കഴിഞ്ഞിരിക്കുന്നു. വാർത്തയും ചിത്രവും ഒരുസ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് ദ്രുതഗതിയിൽ എത്തുന്നു. ഒരുകൂട്ടരുടെ സംസ്കാരം മറ്റൊരു കൂട്ടരിൽ പടരുന്നു. നിവേദനങ്ങളും വാർത്തകളും ക്ഷണത്തിൽ ലോകം മുഴുവൻ എത്തുന്നു. ഇങ്ങനെ തിന്മകൾ മനസ്സിലാക്കാനുള്ള മാനദണ്ഡംതന്നെ മാറിക്കഴിഞ്ഞിരിക്കുകയാണ്. തിന്മ ഇന്നതാണെന്നുള്ള ബോധംതന്നെ മനുഷ്യനുണ്ടാകുന്നില്ല. ചിന്തിക്കാനുള്ള ശക്തിയും കെട്ടടങ്ങിയിരിക്കുന്നു. അതുകൊണ്ട് ഈ പ്രാർത്ഥന ഒരുപാട് ചെയ്യേണ്ടതാണ്. ഓരോ അഹ്മദിയും അവരുടെ സന്താനപരമ്പരയും എല്ലാത്തരം അഴുക്കുകളിൽ നിന്നും ദോഷങ്ങളിൽനിന്നും- അത് കിഴക്കിന്റേതാകട്ടെ, പടിഞ്ഞാറിന്റേതാകട്ടെ- സുരക്ഷിതരായിരിക്കുമാറാകട്ടെ. ഫിത്നകളിൽനിന്നും കലഹങ്ങളിൽ നിന്നും രക്ഷപ്പെടുമാറാകട്ടെ.

നബി(സ) തിരുമേനി മറ്റൊരു പ്രാർത്ഥനയും നമ്മെ പഠിപ്പിച്ചു. അത് നമ്മെ നേരായമാർഗ്ഗത്തിലേക്ക് നയിക്കുന്നതിനും നമ്മുടെ ആഗ്രഹങ്ങളും കർമ്മങ്ങളും സ്വഭാവങ്ങളും അല്ലാഹു നൽകിയിരിക്കുന്ന പാഠമനുസരിച്ച് ആക്കിത്തീർക്കുന്നതിനും വളരെ ആവശ്യമാണ്. ദോഷങ്ങൾ എത്രമാത്രം പെരുകിയിരിക്കുന്നുവെന്നുവെച്ചാൽ, അല്ലാഹുവിന്റെ അഭയത്തിൽ വരാതെ അതിൽനിന്ന് രക്ഷപ്പെടുക എന്നത് വളരെ ബുദ്ധിമുട്ടാണ്. അതുകൊണ്ട് നബി(സ) ചെയ്ത ഈ പ്രാർത്ഥനയും ഇക്കാലത്ത് വളരെ അനിവാര്യമാണ്. സിയാദ് ബിൻ ഇലാഖ തന്റെ പിതൃസഹോദരൻ ഉത്ബാബിൻ മാലിക്കിൽനിന്ന് നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: നബി(സ) തിരുമേനി ഇങ്ങനെ പ്രാർത്ഥിക്കുമായിരുന്നു. ***അല്ലാഹുമ്മയിന്നീ അഊദുബിക്ക മിൻമുൻകറാത്തിൽ അഖ്ലാഖി വൽ അഅ്മാലി വൽ അഹ്വായി*** എന്റെ അല്ലാഹുവേ, ഞാൻ ദോഷകരമായ സ്വഭാവങ്ങളിൽനിന്നും ദോഷകരമായ കർമ്മങ്ങളിൽനിന്നും ദോഷകരമായ ആഗ്രഹങ്ങളിൽനിന്നും നിന്നെ അഭയം തേടുന്നു.

പൊറുക്കലിനുവേണ്ടിയുള്ള ഒരു പ്രാർത്ഥന ഇങ്ങനെയാണ്. അബൂമൂസാ അശ്അരി(റ) തന്റെ പിതാവിൽനിന്ന് നിവേദനം ചെയ്യുന്നു. നബികരീം (സ) ഇങ്ങനെ പ്രാർത്ഥിക്കാറുണ്ടായിരുന്നു. ***റബ്ബിഗ്ഫിർലീ ഖത്തീഅത്തീ വ ജഹ്‌ലീ വഇസ്‌റാഫീ ഫീ അംരീ കുല്ലിഹി വ അൻത അഅ്‌ലമു ബിഹീ മിന്നീ. അല്ലാഹുമ്മഗ്ഫിർലീ ഖത്തായായ വ അംറീ വജഹ്‌ലീ വ ജിദ്ദീ. വകുല്ലു ദാലിക്ക ഇൻദീ അല്ലാഹുമ്മഗ്ഫിർലീ മാഖദ്ദംതു വമാ അഖ്ഖർത്തു വമാ അസ്റർത്തു വമാ അഅ്‌ലൻതു അൻതൽ മുഖദ്ദിമു വ അൻതൽ മുഅഖ്ഖിറു വ അൻത അലാകുല്ലി ശയ്ഇൻ ഖദീർ.*** എന്റെ റബ്ബേ, എന്റെ തെറ്റുകളും എന്റെ വിവരക്കേടും എന്റെ എല്ലാ കാര്യങ്ങളിലുമുള്ള അതിക്രമവും- അത് എന്നേക്കാൾ കൂടുതൽ നിനക്കറിയാം- എനിക്ക് മാപ്പാക്കിത്തന്നാലും. എന്റെ അല്ലാഹുവേ, എനിക്കെന്റെ തെറ്റുകളും ഞാൻ അറിഞ്ഞുകൊണ്ട് ചെയ്ത തെറ്റുകളും വിവരമില്ലായ്മ കൊണ്ടുണ്ടാകുന്ന തെറ്റുകളും എനിക്ക് പൊറുത്തുതരേണമേ. ഇതെല്ലാം എന്നിൽനിന്നുണ്ടായതുതന്നെയാണ്. അല്ലാഹുവേ, ഞാൻ ആദ്യം ചെയ്തുകഴിഞ്ഞിട്ടുള്ളതും പിന്നീട് എന്നിൽനിന്നുണ്ടായിട്ടുള്ളതും ഞാൻ രഹസ്യമായി ചെയ്തിട്ടുള്ളതും ഞാൻ പരസ്യമായി ചെയ്തിട്ടുള്ളതുമായ എല്ലാ പാപങ്ങളും പൊറുത്തുതരേണമേ. ആദ്യനും അനന്തനും നീ തന്നെയാണ്. നീ എല്ലാവരുടേയുംമേൽ സർവ്വശക്തനുമാണ്.

അല്ലാഹു മാത്രമാണ് പൊറുത്തുതരാൻ കഴിവുള്ളവൻ. ഈ ദിനങ്ങളിൽ സത്യസന്ധമായി എഴുന്നേറ്റുനിന്ന് അവന്റെ മുമ്പിൽ കുനിയുകയാണെങ്കിൽ തീർച്ചയായും നമ്മുടെ ജീവിതത്തിന്റെ മുഖച്ഛായ മാറ്റാൻ അവൻ കഴിവുള്ളവനാണ്. ദുആ സ്വീകാര്യതയുടെ ഈ ഓരോ നിമിഷവും നമ്മുടെ ജീവിതം നന്നാക്കിത്തീർക്കുന്നതായിരിക്കും. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: “അല്ലാഹുവിനോട് ദുആ ചെയ്യുക. ഞങ്ങൾ നിന്റെ പാപികളായ ദാസരാണ്. ശരീരേച്ഛയാണെങ്കിൽ അതിജയിച്ചുനില്ക്കുന്നു. നീ ഞങ്ങൾക്ക് പൊറുത്തുതരേണമേ. ഇഹപരലോകവിപത്തുകളിൽനിന്ന് ഞങ്ങളെ രക്ഷിക്കേണമേ.”

നമ്മളിൽ വന്നുപോയിട്ടുള്ള തെറ്റുകളെല്ലാം

അല്ലാഹു നമുക്ക് പൊറുത്തുതരുമാറാകട്ടെ. തന്റെ തൃപ്തിയുടെ മാർഗ്ഗത്തിലൂടെ നടത്തുമാറാകട്ടെ. എല്ലാ ശർറുകളിൽനിന്ന് നമ്മേയും നമ്മുടെ തലമുറകളേയും രക്ഷിക്കുമാറാകട്ടെ.

ഒരിടത്ത് അവിടന്ന് പറയുന്നു: “ഒരു പാട് ദുആ ചെയ്തുകൊണ്ടിരിക്കുക. വിനയത്തെ നിങ്ങളുടെ സ്വഭാവമാക്കിത്തീർക്കുക. ആചാരപരവും ചടങ്ങും എന്ന നിലയിലുള്ള പ്രാർത്ഥന ഒരു വസ്തുവുമല്ല. പ്രാർത്ഥിക്കുമ്പോൾ നിർബ്നധ നമസ്കാരമൊഴികെയുള്ള സമയങ്ങളിൽ ഏകാന്തതയിൽ പോയിരിക്കുന്നത് ശീലമാക്കുക. അതായത് നിർബന്ധ നമസ്കാരത്തിനുശേഷം തനിച്ചുപോയി നഫൽ നമസ്കരിക്കുക. ദൈവസ്മരണയിൽ മുഴുകുക. സ്വന്തം ഭാഷയിൽ അങ്ങേയറ്റം വിനയത്തോടെ ഏറ്റവും താണ മനുഷ്യനെപോലെ ദൈവസന്നിധിയിൽ പ്രാർത്ഥിക്കുക. സർവ്വലോക പരിപാലകനായ രക്ഷിതാവേ, നിന്റെ ഔദാര്യത്തിന് നന്ദി രേഖപ്പെടുത്താൻ എനിക്ക് കഴിവില്ല. നീ അങ്ങേയറ്റം ദയാലുവും ഉദാരനുമാണ്. നിന്റെ അറ്റമില്ലാത്ത ഔദാര്യമാണ് എന്നിലുള്ളത്. ഞാൻ നശിക്കാതിരിക്കാൻ എന്റെ പാപം പൊറുത്തുതരേണമേ. എനിക്ക് ജീവിതം കിട്ടാൻ എന്റെ ഹൃദയത്തിൽ നിന്നോട് മാത്രമുള്ള സ്നേഹമിട്ടാലും. എന്റെ തെറ്റുകൾ മറച്ചുവെച്ചാലും. എന്നെക്കൊണ്ട് നിനക്കിഷ്ടപ്പെട്ട പ്രവൃത്തി ചെയ്യിച്ചാലും. എന്നിലുണ്ടാകുന്ന നിന്റെ കോപത്തിൽനിന്ന് ഞാൻ നിന്നോട് അഭയം തേടുന്നു. കരുണ ചെയ്താലും. ഇഹപരലോക നാശങ്ങളിൽനിന്ന് എന്നെ രക്ഷിച്ചാലും. എല്ലാ അനുഗ്രഹങ്ങളും പുണ്യവും നിന്റെ കയ്യിൽ മാത്രമാണ്. ആമീൻ. സുമ്മആമീൻ.” ദുആയുടെ സ്വീകാര്യത കണ്ടുകൊണ്ട് റമളാനിൽനിന്നു പുറത്തുവരാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ. അല്ലാഹുവിന്റേതു മാത്രമായിത്തീരുക. ദുനിയാവിലെ കളിതമാശകൾക്ക് നമ്മുടെ പക്കൽ മണൽത്തരിയുടെ വിലപോലും ഉണ്ടാകാതിരിക്കട്ടെ.

രണ്ടാമത്തെ ഖുത്ബയിൽ ഹുസൂർ പറഞ്ഞു: “വേദനാജനകമായ ഒരു വാർത്ത അറിയിക്കുകയാണ്. ശ്രീലങ്കയിലെ നമ്മുടെ പള്ളിയിലെ ഖാദിമായ അബ്ദുല്ലാ നിയാസ് സാഹിബിനെ ഒക്ടോബർ 14–ാം തിയ്യതി ശത്രുക്കൾ ശഹീദാക്കി. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അദ്ദേഹത്തിന്റെ മാതാവ് ജീവിച്ചിരിപ്പുണ്ട്. 96 വയസ്സാണ്. പരേതൻ പള്ളിയിൽ ഖാദിം എന്ന നിലയിൽ സേവനമനുഷ്ഠിച്ചുവരികയായിരുന്നു. വളരെ സൗമ്യതയുടേയും വഖ്ഫിന്റെ ചൈതന്യം ഉൾക്കൊണ്ടുകൊണ്ടും ജോലി ചെയ്തിരുന്നു. പള്ളി തുറക്കുക, അടയ്ക്കുക, വൃത്തിയാക്കുക, ബാങ്ക് കൊടുക്കുക എന്നിവയ്ക്ക് പുറമെ കുട്ടികളെ ഖുർആൻ പഠിപ്പിക്കുകയും ചെയ്തിരുന്നു. മൂന്നാൺകുട്ടികളും ഒരു പെൺകുട്ടിയുമുണ്ട്. ഒക്ടോബർ 14 ന് സുബ്ഹി നമസ്കാരത്തിന് പള്ളിയിലേക്ക് പോകുമ്പോൾ നാല് മണിക്ക് എതിരാളികൾ വീടിനടുത്തുവെച്ച് കഠാരയും വടിവാളുംകൊണ്ട് ആക്രമിക്കുകയായിരുന്നു. ഇവിടെയും ഇപ്പോൾ ശക്തമായ എതിർപ്പുകൾ നടന്നുവരുന്നു. പാക്കിസ്ഥാനിൽ പോയി പരിശീലനം നേടി സാഹിത്യങ്ങളും മറ്റുമായി വന്ന ഒരു മൗലവി മുസ്‌ലിംകളെ പ്രകോപിപ്പിക്കുകയാണ്. ഖാദിയാനികളെ കൊല ചെയ്യുക അതിൽ പ്രതിഫലമുണ്ട്. ഇവർ മുർത്തദ്ദുകളാണ്. ഏറ്റവും വലിയ ജിഹാദ് ഇതുതന്നെയാണ്. ഈ നോമ്പുമാസത്തിൽ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കണമെങ്കിൽ അഹ്മദികളെ കൊല്ലുക എന്നൊക്കെ അയാൾ ആഹ്വാനം ചെയ്തു. താൻ ഉംറയ്ക്ക് പോവുകയാണെന്നും 30, 31–ന് തിരിച്ചുവരുമെന്നും ഇതിനിടയിൽ അഹ്മദിയ്യാ നേതാക്കളെ എത്ര പേരെ കൊല്ലാൻ കഴിയുമോ കൊല്ലുകയെന്നും വന്നതിനുശേഷം പള്ളിയുടെമേൽ ആക്രമണം നടത്താമെന്നും അയാൾ പറഞ്ഞു. എന്തായാലും ഇതാണവരുടെ ഗൂഢപദ്ധതി. അല്ലാഹു എല്ലാവിധ ഉപദ്രവങ്ങളിൽ നിന്നും അഹ്മദികളെ കാത്തുരക്ഷിക്കുമാറാകട്ടെ. അവരുടെ ഗൂഢപദ്ധതികളിൽനിന്നും രക്ഷിക്കുമാറാകട്ടെ. ആർക്കെങ്കിലും തിരിച്ചറിവ് നൽകാൻ അല്ലാഹു വിധിച്ചിട്ടുണ്ടെങ്കിൽ അതവർക്ക് ലഭിക്കുമാറാകട്ടെ. ഇല്ലെങ്കിൽ അല്ലാഹു ഇക്കൂട്ടരെ മറ്റുള്ളവർക്ക് ഗുണപാഠമാക്കിത്തീർക്കട്ടെ.

പാക്കിസ്ഥാനിൽനിന്ന് നമ്മുടെ ഒരു യുവാവ് അവിടെ പോയിട്ടുണ്ട്. 21 വയസ്സാണ്. ഗുജ്റാൻവാലക്കാരനായ അദ്ദേഹത്തിന്റെമേലും ആക്രമണം നടന്നു. അദ്ദേഹം പള്ളിയിൽനിന്ന് വീട്ടിലേക്ക് വരികയായിരുന്നു. കഠാരയും വടിവാളും കൊണ്ടുള്ള ആക്രമണത്തിൽ ഗുരുതരമായി പരിക്കേറ്റു. അദ്ദേഹത്തെ ജനങ്ങൾ രക്ഷപ്പെടുത്തി ആശുപത്രിയിലെത്തിച്ചു. ചികിത്സ നടന്നുവരുന്നു. അദ്ദേഹത്തിനുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അദ്ദേഹത്തിന് പൂർണ്ണ ആരോഗ്യം നല്കുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 20.10.2006 at Baithulfutuh, London

*Translated by: Muhammad Ismail, Alleppey*
0497 2702562; Mob: 94466 56123
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala